LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ

139 (5222) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കോഴിക്കോട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഇപ്പോൾ എത്ര ഉക നീക്കിയിരിപ്പുണ്ട് ; വ്യക്തമാക്കാമോ ;

(സി) നീക്കിയിരിപ്പുള്ള ഉകയിൽ നിന്നും ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നത് ; കൊയിലാണ്ടിയിലെ ഏതെല്ലാം പ്രവൃത്തികൾ പരിഗണിക്കും ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ നിയോജകമണ്ഡലം സഹിതമുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ 21-7-2015 വരെ 21,10,57,521 രൂപ നീക്കിയിരിപ്പുണ്ട്.

(സി) DLEC അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രവൃത്തികളിൽ ജില്ലയിലെ നിലവിലെ RMF ഉപയോഗിച്ച് ചെയ്യാൻ സാധിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതാണ്. കൊയിലാണ്ടി മണ്ഡലത്തിലെ ഇപ്രകാരം DLEC അംഗീകരിച്ച പ്രവൃത്തികളൊന്നും ഇതേവരെ സർക്കാരിൽ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടില്ല.

സൗജന്യമായി പതിച്ചുകൊടുക്കുന്ന സർക്കാർ ഭൂമി

140 (5224) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടിക്കണക്കിന് രൂപ വിലമതിക്കുന്ന സർക്കാർ ഭൂമി സൗജന്യമായി പതിച്ചുകൊടുക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.